**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1167** **02.05.2017 ൽ മറുപടിയ്ക്ക്**

# പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) പച്ചക്കറി കൃഷിയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ; | എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി 2017-18-ൽ കൃഷിവകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതിക്കായി 85 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതു പ്രകാരം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.<br>2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനം.<br>3. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം തുടങ്ങിയവ.<br>4. ജില്ലാ ക്ലസ്റ്റർ വികസനം.<br>5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം<br>6. പുതിയ ബ്ലോക്ക് തല നഴ്സറികൾ സ്ഥാപിക്കൽ.<br>7. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും.<br>8. പച്ചക്കറി സംഭരണത്തിനുള്ള ശീതീകരണ അറകളുടെ പ്രോത്സാഹനം<br>9. പച്ചക്കറി കൃഷിയ്ക്കു വേണ്ടി 'മിനി-പോളീഹൗസ്''-കളുടെ പ്രോത്സാഹനം<br>10. 'വെജിറ്റബിൾ പ്രൊഡ്യൂസർ കമ്പനികൾ' സ്ഥാപിക്കൽ<br>11. കൃഷിയിടങ്ങളിൽ 'ബയോ-കൺട്രോൾ ഏജന്റ്' നിർമ്മാണം |

12. മണ്ണിനെ ഫലപുഷ്ടിപ്പെടുത്തുന്ന കുമ്മായം, ഡോളോമൈറ്റ്, സൂക്ഷമ മൂലകങ്ങൾ എന്നിവയുടെ വിതരണം
13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം

വി.എഫ്.പി.സി.കെ വഴി 6 കോടി രൂപയുടെ താഴെപ്പറയുന്ന വിവിധ പദ്ധതികളും നടപ്പിലാക്കി വരുന്നു.

- പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം മുഖേനയുള്ള ജൈവപച്ചക്കറി കൃഷി പ്രോത്സാഹനം.
- ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ വിതരണം ചെയ്യുക
- പച്ചക്കറി, വാഴ എന്നിവയ്ക്കുള്ള ഇൻഷുറൻസ് പരിരക്ഷ സബ്സിഡി യോടുകൂടി നടപ്പിലാക്കുകയും പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുകയും ചെയ്യുക
    - വായ്പാ തിരിച്ചടവ് ഉറപ്പാക്കുന്ന തിനായി 2% പലിശ സബ്സിഡി അനുവദിക്കുക
    - പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ വ്യാപിപ്പിക്കുക
    - വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതിയും, നഗരപ്രദേശങ്ങളിലെ വീടുകളിൽ 'ഹരിത നഗരി' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

ബി) ഈ സർക്കാരിന് പച്ചക്കറി കൃഷി എത്ര വർദ്ധിപ്പിക്കുവാൻ കഴിഞ്ഞു; മുൻവർഷങ്ങളുമായി ഒരു താരതമ്യ പഠനം നടത്തി വിശദാംശം ലഭ്യമാക്കാമോ;

ബി)

| വർഷം | ഉല്പാദനം (ലക്ഷം മെട്രിക് ടൺ) |
|---|---|
| 2014-15 | 5.98 |
| 2015-16 | 6.28 |
| 2016-17 | 7.25 |

(മൂന്നാം വിളയുടെ വിളവെടുപ്പ് പൂർത്തിയായിട്ടില്ല)

വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ

വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി മുൻ വർഷത്തേക്കാൾ 10% വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട് . വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിൽ 1800 ഓളം ഗുണഭോക്താക്കൾ മുൻ വർഷത്തേക്കാൾ വർദ്ധിക്കുകയും ഏകദേശം 300 ടണ്ണോളം ഉല്പാദനം കൂടുകയും ചെയ്തു. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ഇടുക്കി ജില്ലയിൽ 2000 ഹെക്ടർ പ്രദേശത്ത് ശീതകാല പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞു.

സി) ജൈവ പച്ചക്കറി സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കൃഷിഭവൻ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

സി) നല്ല കൃഷിമുറകൾ (ജി.എ.പി) പാലിച്ചു കൊണ്ട് സുരക്ഷിതമായ പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനായി 407 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. ഇത്തരത്തിൽ സുരക്ഷിതമായ പഴം-പച്ചക്കറികൾ ജി.എ.പി. സർട്ടിഫിക്കേഷൻ നൽകി നിർദ്ദിഷ്ട ലോഗോയിൽ "കേരള ഓർഗാനിക്" എന്ന ലേബലിൽ കൃഷി വകുപ്പ് വിപണനം നടത്തി വരുന്നു. ഇതിനായി ഒരു ഹെക്ടറിന് 3,000/- രൂപ നിരക്കിൽ ധനസഹായം നൽകി.

കർഷകരുടെ കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിനായി 1622 റ്ററൽ കമ്പോസ്റ്റ് യൂണിറ്റും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റും നിർമ്മിച്ചു. റ്ററൽ കമ്പോസ്റ്റ് യൂണിറ്റ് ഒന്നിന് 5,000/- രൂപ വീതവും മണ്ണിരകമ്പോസ്റ്റ് യൂണിറ്റിന് 7,500/-രൂപ വീതം ധനസഹായം നൽകി.

ജൈവ പച്ചക്കറി വിപണനം നടത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 66 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

വിഷരഹിത പഴം-പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്ററുകൾ രൂപീകരിച്ച് നല്ല കൃഷി മുറകൾ പാലിച്ചു കൃഷി ചെയ്തു വിഷരഹിതവും, ജൈവവളം മാത്രം ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്നതുമായ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്ത് ലഭ്യമാക്കുന്നതിനായി കേരളത്തിലെ എല്ലാ

ജില്ലകളിലേയും ഇക്കോഷോപ്പുകൾ വഴി നല്ല കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്ററുകളിലെ ജൈവ കർഷകരിൽ നിന്നും കാർഷികോത്പന്നങ്ങൾ ശേഖരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ജൈവ കൃഷി നടത്തുന്ന കർഷകരിൽ നിന്നും പച്ചക്കറികൾ സംഭരിച്ച് ഗ്രേഡിംഗ്, പാക്കിംഗ് നടത്തി നഗരസഭകളിലും, മുനിസിപ്പാലിറ്റികളിലുമുള്ള റെസിഡൻസ് അസോസിയേഷൻ മുഖേന ഉപഭോക്താകൾക്ക് വില്പന നടത്തുന്നതിന് 18 ക്ലസ്റ്ററുകൾക്ക് 3.00 ലക്ഷം രൂപ വീതം ധനസഹായം നൽകി. ടി രീതിയിൽ കൃഷി ചെയ്യുന്ന ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" എന്ന ലേബലിൽ ജി. എ. പി. സർട്ടിഫിക്കേഷനോടു കൂടി ഇക്കോഷോപ്പ് മുഖാന്തിരം വില്പന നടത്തുന്നതിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് പ്രോത്സാഹന തുക (ഇൻസെന്റീവ്) നല്കി വരുന്നു.

കേന്ദ്രസർക്കാരിന്റെ പദ്ധതിയായ പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ 50 ഏക്കർ വീതമുള്ള 119 ക്ലസ്റ്ററുകൾ രൂപീകരിച്ച് കർഷകർക്കാവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും നല്കി വരുന്നു.

S. [signature]

**സെക്ഷൻ ഓഫീസർ**